# കേരള സർക്കാർ

സംഗ്രഹം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് - മാധ്യമരംഗത്തെ പഠന ഗവേഷണങ്ങൾക്കായി കെ.പി.എ അനുവദിക്കുന്ന സ്കോളർഷിപ്പ് നിയമാവലി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (സി) വകുപ്പ്

സ:ഉ:(എം.എസ്) നം:6/09/ഐ&പി.ആർ.ഡി തീയതി, തിരുവനന്തപുരം,24/08/2009

---

പരാമർശം:- കേരള പ്രസ് അക്കാദമിയുടെ 22..06..09 ലെ 123/ഇ/08/കെ.പി.എ നമ്പർ കത്ത്

**ഉത്തരവ്**

മാധ്യമരംഗത്തെ പഠന ഗവേഷണങ്ങൾക്കായി കേരള പ്രസ് അക്കാദമി അനുവദിക്കുന്ന സ്കോളർഷിപ്പ് നിയമാവലി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മാധ്യമരംഗത്തെ പഠന ഗവേഷണങ്ങൾക്കായി സ്കോളർഷിപ്പ് നൽകുന്നതിന് കേരള സർക്കാർ 2008-09 സാമ്പത്തിക വർഷം അനുവദിച്ച 10 ലക്ഷം രൂപ ഉപയോഗിച്ച് കേരളത്തിലെ മാധ്യമങ്ങളുടെ ചരിത്രം, സാമൂഹിക രാഷ്ട്രീയ പ്രസക്തി, ഇന്നത്തെ അവസ്ഥയും ഭാവിയും എന്നീ വിഷയങ്ങളിൽ പഠനം നടത്തുവാനാണ് സ്കോളർഷിപ്പ് നൽകുന്നത്.
2. അച്ചടി ദൃശ്യ ശ്രാവ്യ മാധ്യമപ്രവർത്തകരിൽ നിന്ന് അപേക്ഷ ക്ഷണിച്ചാണ് സ്കോളർഷിപ്പിന് അർഹരായവരെ തെരഞ്ഞെടുക്കേണ്ടത്.
3. മേൽപ്പറഞ്ഞ മൂന്നു വിഭാഗങ്ങളിലേയും അപേക്ഷകൾ മൂന്നു പരിശോധന സമിതികൾക്ക് നൽകി അവരാണ് തെരഞ്ഞെടുക്കേണ്ടത്.
4. ഗവേഷണ രംഗത്ത് മുൻ പരിചയമുള്ള ഒരു വിദഗ്ദ്ധന്റെ മാർഗ നിർദ്ദേശങ്ങൾ സ്വീകരിക്കണ്ടതാണ്.
5. ഗവേഷണ പ്രബന്ധം അക്കാദമിക്ക് സമർപ്പിക്കേണ്ടതും, ഇതിന്റെ പകർപ്പവകാശം അക്കാദമിയിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.
6. പ്രബന്ധം ഒരു വിദഗ്ദ്ധ സമിതിയെകൊണ്ട് വിലയിരുത്തിക്കേണ്ടതാണ്.
7. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് സ്കോളർഷിപ്പ് നൽകുന്നതല്ല.
8. സ്കോളർഷിപ്പ് പരമാവധി പത്തു പേർക്കാണ് നൽകുന്നത്.
9. സ്കോളർഷിപ്പ് കാലാവധി ഒരു വർഷമായിരിക്കും.
10. സ്കോളർഷിപ്പ് പ്രതിമാസം 8000 രൂപവരെ ആയിരിക്കും.
11. സ്കോളർഷിപ്പ് ലഭിക്കുന്നവർ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കണം. യാത്ര, പുസ്തകങ്ങൾ, ഡി.ടി.പി. ഓഫീസ് ജോലികൾ എന്നിവയ്ക്ക് സ്കോളർഷിപ്പ് തുക ഉപയോഗിക്കാം.
12. സ്കോളർഷിപ്പ് ലഭിക്കുന്നവർ മറ്റു സ്ഥാപനങ്ങളുടെ ധനസഹായത്തോടെയുള്ള പഠനഗവേഷണങ്ങളിൽ അക്കാദമിയുടെ സ്കോളർഷിപ്പ് കാലാവധിക്കുള്ളിൽ ഏർപ്പെടുവാൻ പാടില്ല.
13. സ്കോളർഷിപ്പ് ലഭിക്കുന്നവർ സ്കോളർഷിപ്പ് വ്യവസ്ഥകൾ സംബന്ധിച്ച് മുദ്രപത്രത്തിൽ ഉടമ്പടി വെയ്ക്കേണ്ടതാണ്. വ്യവസ്ഥകൾ ലംഘിച്ചാൽ അവർക്കെതിരെ അക്കാദമി സെക്രട്ടറി നിയമനടപടി സ്വീകരിക്കുന്നതാണ്.

14. സ്കോളർഷിപ്പ് അപേക്ഷകർ ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവരും മാധ്യമരംഗത്ത് കുറഞ്ഞത് അഞ്ച് വർഷമെങ്കിലും പ്രവർത്തന പരിചയമുള്ളവരും ആയിരിക്കണം.

15. പട്ടികജാതി പട്ടിക വർഗ്ഗ മറ്റു വിഭാഗങ്ങൾ, കുട്ടികൾ, സ്ത്രീകൾ എന്നീ വിഭാഗങ്ങളെക്കുറിച്ചുള്ള പഠനങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

16. കേരളത്തിലെ പത്ര സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവരും കേരളത്തിൽ ആസ്ഥാനമുള്ള പത്രങ്ങൾക്കു വേണ്ടി അന്യസംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവരുമായ പത്രപ്രവർത്തകർക്ക് അപേക്ഷിക്കാം.

17. പ്രബന്ധങ്ങൾ ഒരു സെമിനാറിൽ അവതരിപ്പിക്കേണ്ടതും സെമിനാറിൽ ഉരുത്തിരിയുന്ന ആശയങ്ങൾ കൂടി ഉൾച്ചേർത്ത് പ്രബന്ധത്തിന്റെ അന്തിമരൂപം തയ്യാറാക്കേണ്ടതുമാണ്.

18. സ്കോളർഷിപ്പിന് വേണ്ട പഠനം ഒരു സമിതിയുടെ Pre-review വിന് വിധേയമായിരിക്കും.

19. അപേക്ഷകർ അപേക്ഷയോടൊപ്പം പഠനത്തിന്റെ സിനോപ്സിസ് നൽകേണ്ടതാണ്. തെരഞ്ഞെടുപ്പിന്റെ മുഖ്യ അടിസ്ഥാനം സിനോപ്സിസ് ആയിരിക്കും.

20. ഉയർന്ന അക്കാദമിക് യോഗ്യതകൾ ഉള്ളവർക്കും പ്രായം കുറഞ്ഞവർക്കും മുൻഗണന നൽകുന്നതാണ്.

21. സ്ഥാപനത്തിന്റെ NOC ഉള്ളത് അഭികാമ്യമായിരിക്കും.

22. സ്കോളർഷിപ്പിന് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ പ്രവർത്തിക്കുന്നവർക്കും മലയാളം-ഇംഗ്ലീഷ് ദിനപത്രങ്ങളിൽ പ്രവർത്തിക്കുന്നവർക്കും അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കും.

23. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് രണ്ടു സ്കോളർഷിപ്പ് സംവരണം ഉണ്ടായിരിക്കും. അവരുടെ അഭാവത്തിൽ മറ്റുള്ളവരെ പരിഗണിക്കുന്നതുമായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഷീലാ തോമസ്
സെക്രട്ടറി

സെക്രട്ടറി, കേരള പ്രസ് അക്കാദമി, കാക്കനാട് – 30.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (ബി, എ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ